LIBRARY ARCHIVES Kerala Legislative Assembly

ഫെയർ സ്റ്റേജ് നിർണ്ണയം സംബന്ധിച്ച് ഉത്തരവുകൾ

248 (7811) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫെയർ സ്റ്റേജ് നിർണ്ണയം നടത്തുന്നതിന് ആധാരമായ നിയമം, ചട്ടം, സർക്കാർ ഉത്തരവുകൾ എന്നിവയുടെ പ്രസക്തഭാഗങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഫെയർസ്റ്റേജ് നിർണ്ണയം നടത്തുന്നതിന് ആധാരമായ നിയമം, ചട്ടം എന്നിവയുടെ പ്രസക്തഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യ വികസനത്തിനായി സെസ്

249 (7812) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാർക്ക് സെസ് ഏർപ്പെടുത്തുന്നതിലൂടെ സ്വരൂപിക്കുന്ന അധികതുക എപ്രകാരം വിനിയോഗിക്കുവാനാണുദ്ദേശിക്കുന്നത് ;

(ബി) യാത്രക്കാരുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഇതിൽനിന്നും തുക വിനിയോഗിക്കുമോ ?

ഉത്തരം

(എ) 15 കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കുന്ന യാത്രക്കാരിൽനിന്നും സോഷ്യൽ സെക്യൂരിറ്റി സെസ് ഇനത്തിൽ നിശ്ചിത തുക ഈടാക്കി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ഒരു പദ്ധതി പരിഗണനയിലുണ്ട്.

(ബി) സോഷ്യൽ സെക്യൂരിറ്റി സെസ് ഇനത്തിൽ യാത്രക്കാരിൽനിന്നും ഈടാക്കുന്ന തുക യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നുള്ള പുതിയ ഷെഡ്യൂളുകൾ

250 (7813) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര ഷെഡ്യൂളുകളാണ് പുതിയതായി ആരംഭിച്ചിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.